റോഡ് ഗതാഗത മേഖലയിൽ നയരൂപീകരണം

100 [1222] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് ഗതാഗത മേഖലയിലെ ആസൂത്രണം, പദ്ധതി നടപ്പിലാക്കൽ, പരിപാലനം എന്നിവ ലക്ഷ്യമാക്കി റോഡ് നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ബി.ഒ.ടി. പദ്ധതികളിൽ സ്വകാര്യ മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം നൽകുക എന്നത് ഈ നയത്തിന്റെ ഭാഗമായി സ്വീകരിച്ചിട്ടുണ്ടോ ;

(സി) നിലവിലുള്ള റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പോളിസി ഡോക്കുമെന്റിന്റെ പകർപ്പ് മരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബി.ഒ.ടി. പദ്ധതികൾ സ്വകാര്യ മേഖലയിലുള്ളവരാണ് സാധാരണ എടുക്കാറുള്ളത്. ബഡ്ജറ്റ്-കേന്ദ്ര വിഹിതം തുടങ്ങിയ മേഖലകൾക്ക് സ്വകാര്യ പങ്കാളിത്തം സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രധാനപ്പെട്ട ചില റോഡുകൾ നിലവാരം മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചാണ് കെ.എസ്.റ്റി.പി.-യിൻകീഴിൽ പണികൾ അറേഞ്ചു ചെയ്തുവരുന്നത്. തലസ്ഥാന നഗര വികസന പദ്ധതിയിൽപ്പെടുത്തി തലസ്ഥാനത്തെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനും റോഡുകളുടെ നിലവാരം ഉയർത്തുന്നതിനുമുള്ള പണികൾ പുരോഗമിച്ചുവരികയാണ്. ഇതുപോലെ കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലും വികസന പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ കാലം ഈടുനിൽക്കുന്ന ബി.എം. & എ.സി. അനുസരിച്ചുള്ള ടാറിംഗ് രീതി വ്യാപകമായി നടപ്പിലാക്കി വരുന്നു.

ദേശീയപാത 17 നാലുവരിയാക്കാൻ നടപടി

101 [1223] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ബൈപാസ്സ് ഉൾപ്പെടെയുള്ള ദേശീയപാത 17-ന്റെ ഏതെങ്കിലും ഭാഗങ്ങൾ നാലുവരിപ്പാതയാക്കി നിർമ്മിക്കുന്നതിന് എൻ.എച്ച്.എ.ഐ. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഈ പാത വിപുലീകരണത്തിനുവേണ്ടി എൻ.എച്ച്.എ.ഐ.-ക്ക് കൈമാറിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇത് എന്ന് കൈമാറുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly